# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5946 7/07/2014 ൽ മറുപടിക്ക്**

**പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം. ഉമ്മർ : | | ശ്രീമഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ വഴിയോരങ്ങളിൽ സ്ഥാപിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽപെടുന്നതാണോയെന്നറിയിക്കുമോ ; | (എ) | കേരളാ മുനിസിപ്പാലിറ്റി ആക്ട്, പഞ്ചായത്ത് രാജ് ആക്ട് എന്നിവ പ്രകാരം യുക്തവും സൗകര്യ പ്രദവുമായ സ്ഥലങ്ങളിൽ വേണ്ടത്ര പൊതു കക്കൂസുകൾ ഏർപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. |
| (ബി) | നിലവിലുള്ള പ്രാഥമികാവശ്യങ്ങൾക്കുള്ള കേന്ദ്രങ്ങൾ രോഗം പരത്തുന്ന കേന്ദ്രങ്ങളായി മാറിയിട്ടുണ്ടെന്നതും പൊതുജനങ്ങളിൽനിന്ന് പണം പിരിച്ചെടുക്കുന്നതിൽ പ്രസ്തുത കേന്ദ്രങ്ങളുടെ കോൺട്രാക്ടർമാർ നീതി രഹിതമായി പ്രവർത്തിക്കുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | വൃത്തിയായും ശുചിയായും സൂക്ഷിക്കാത്ത കംഫർട്ട് സ്റ്റേഷനുകളെക്കുറിച്ചും കരാറുകാർ അമിതമായി പണം ആവശ്യപ്പെടുന്നത് സംബന്ധിച്ചും പരാതികൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്. |
| (സി) | പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗജന്യ കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ലന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | നഗരസഭകളിൽ സൗജന്യ വ്യവസ്ഥകളിൽ ഉപയോഗിക്കുന്ന കംഫർട്ട് സ്റ്റേഷനുകൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മറ്റുസംസ്ഥാനങ്ങളിൽ പലയിടത്തും പ്രാഥമികാവശ്യങ്ങൾക്കായുള്ള സൗജന്യകേന്ദ്രങ്ങൾ വൃത്തിയായും ജലലഭ്യത ഉറപ്പാക്കിയും നിലനിർത്തുന്നതും, മെച്ചപ്പെട്ട പേ&യൂസ് സംവിധാനങ്ങൾ നിലവിലുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് സൗജന്യമായി ഉപയോഗിക്കാനുള്ള പ്രസ്തുത കേന്ദ്രങ്ങൾ ആവശ്യാനുസരണം സ്ഥാപിക്കാനും പരിപാലിക്കാനും നടപടി സ്വീകരിക്കുമോ; | (ഇ) | നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ഇത്തരം കേന്ദ്രങ്ങളിൽ നടക്കുന്ന അനധികൃത മദ്യവില്പനയും മയക്കുമരുന്നു കച്ചവടവും അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി കർശന നിർദ്ദേശം നല്കുമോ? | (എഫ്) | ആഭ്യന്തരവകുപ്പുമായി ചേർന്ന് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളുടെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ